"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- കാഞ്ഞങ്ങാട് നഗരസഭയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന- സീനിയർ ക്ലാർക്കായ ശ്രീ. സുരേഷിനെതിരായി ആരംഭിച്ച അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇയു)വകുപ്പ്**

**സ.ഉ.(സാധാ) നം.1068/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 06/06/2020

പരാമർശം:- 1 വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 30.09.2016 തീയതിയിലെ ഇ26(എസ്.സി.46/15/കെ.എസ്ഡി)21853/14/യുഎ നമ്പർ കത്ത്

2 സർക്കാരിന്റെ 17.05.2017തീയതിയിലെ ഇയു2-113/2017-തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ

3 നഗരകാര്യ ഡയറക്ടറുടെ 09.08.2019 തീയതിയിലെ വി2- 12403/17 നമ്പർ കത്ത്.

**ഉത്തരവ്**

"ഓപ്പറേഷൻ കിച്ചടി" എന്ന പേരിൽ നടത്തിയ മിന്നൽപരിശോധനയുടെ ഭാഗമായി കാഞ്ഞങ്ങാട് നഗരസഭയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 30.12.2015- ൽ നടത്തിയ പരിശോധനയിൽ നഗരസഭയിൽ കെട്ടിടനിർമ്മാണത്തിനുള്ള അപേക്ഷകൾ ശരിയായി കണക്കുകൂട്ടൽ വരുത്തിയും ശരിയായ രീതിയിൽ കൈകാര്യം ചെയ്തും സൂക്ഷിക്കുന്നില്ല എന്ന് കണ്ടതിനാൽ ആയതിന് ഉത്തരവാദിയായി കണ്ടെത്തിയ ടി നഗരസഭയിലെ സീനിയർ ക്ലാർക്കായ ശ്രീ. സുരേഷിനെതിരായി നടപടി സ്വീകരിക്കുന്നതിന് പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തതിന്റെയടിസ്ഥാനത്തിൽ സീനിയർ ക്ലാർക്കായ ശ്രീ.സുരേഷിനെതിരായി അച്ചടക്കനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം 2 പ്രകാരം കുറ്റാരോപണമെമ്മോ/പത്രിക നൽകിയിരുന്നു. പ്രസ്തുത കുറ്റാരോപണ മെമ്മോയ്ക്ക് ടിയാൻ സമർപ്പിച്ച പ്രതിവാദ പത്രികയിൽ കോഴിക്കോട് മേഖലാ ജോയിന്റ് ഡയറക്ടർ ലഭ്യമാക്കിയ അന്വേഷണറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഗരകാര്യഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

2. കോഴിക്കോട് റീജിയണൽ ജോയിന്റ് ഡയറക്ടർ ഇക്കാര്യത്തിൽ സമർപ്പിച്ച പരിശോധനാറിപ്പോർട്ട് പ്രകാരം വിജിലൻസ് പരിശോധനാ സമയത്ത് നടപടികൾ സ്വീകരിക്കുന്നതിന് ബാക്കിയുള്ള കെട്ടിടനിർമ്മാണ അപേക്ഷയുടെ വിവരങ്ങൾ ക്ലാർക്കായ ശ്രീ.സുരേഷിന് റിപ്പോർട്ട് ചെയ്യാൻ കഴിയാതിരുന്നത് ടിയാൻ കുറ്റമറ്റ രീതിയിൽ തൻപതിവേട് എഴുതി സൂക്ഷിക്കാത്തതിനാലും അപേക്ഷയുടെ വിവരങ്ങൾ ക്രമപ്രകാരമല്ലാതെ രേഖപ്പെടുത്തിയതിനാലുമാണ്. ആയതിന് ടിയാന്റെ മറുപടി പ്രകാരം പരിശോധിച്ചതിൽ കെട്ടിടനിർമ്മാണ അപേക്ഷകളിൽ അതാതു ദിവസം തന്നെ തുടർ നടപടി സ്വീകരിച്ചിട്ടുള്ളതായും കെട്ടിടനിർമ്മാണ പെർമിറ്റിനുള്ള അപേക്ഷകൾ നമ്പർ ക്രമത്തിൽ രജിസ്റ്ററിൽ എഴുതുകയും കെട്ടിടനിർമ്മാണം ക്രമവത്കരിക്കുന്നതിനുള്ള അപേക്ഷകൾ ക്രമവത്കരണത്തിനുശേഷം മാത്രം ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തുന്ന തെറ്റായ നടപടി ക്രമം

മൂലമാണ് വിവരങ്ങൾ ക്രമം തെറ്റി കാണുന്നതെന്നും ടി പോരായ്മകൾ പരിഹരിച്ചിട്ടുള്ളതായും നിലവിൽ ക്രമപ്രകാരം തന്നെ അപേക്ഷ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി വരുന്നുണ്ടെന്നും റീജിയണൽ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു. തൻപതിവേട് എഴുതി സൂക്ഷിക്കാത്തത് ടിയാന്റെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണെങ്കിലും കൈകാര്യം ചെയ്യേണ്ട ഫയലുകളുടെ ബാഹുല്യം കാരണമാണ് തൻപതിവേടിൽ ഫയൽനടപടികളുടെ തുടർവിവരങ്ങൾ രേഖപ്പെടുത്താൻ കഴിയാതിരുന്നതെന്ന വാദം വസ്തുതാപരമാണെന്ന് കാണുന്നതിനാൽ ടിയാന്റെ വിശദീകരണം അംഗീകരിച്ച് തുടർനടപടികൾ ഒഴിവാക്കാവുന്നതാണെന്ന് റീജിയണൽ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. റീജിയണൽ ജോയിന്റ് ഡയറക്ടറുടെ മേൽ റിപ്പോർട്ട് അംഗീകരിക്കാവുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിരുന്നു .

3. സർക്കാർ ഇക്കാര്യം പരിശോധിക്കുകയും സീനിയർ ക്ലാർക്കായ ശ്രീ. സുരേഷിനെതിരെ KCS (CC&A) Rule 15 പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ഔപചാരിക അന്വേഷണത്തിന് നഗരകാര്യ വകുപ്പിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിനെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നു. അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം കുറ്റാരോപണ മെമ്മോയ്ക്ക് ടിയാൻ സമർപ്പിച്ചിട്ടുള്ള പ്രതിവാദ പത്രികയിൽ പറഞ്ഞിട്ടുള്ള വാദഗതികളുടേയും, അന്വേഷണ ഉദ്യോഗസ്ഥ മുമ്പാകെ ശ്രീ പി.കെ സുരേഷ് ഹാജരായി നൽകിയിട്ടുള്ള മൊഴിയും, കാഞ്ഞങ്ങാട് നഗരസഭാ സെക്രട്ടറി ഹാജരാക്കിയ രേഖകളും റിപ്പോർട്ടും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് പരിശോധനാ സമയത്ത് കെട്ടിടം ക്രമവത്കരിക്കുന്നതിനായി നഗരസഭയിൽ ലഭിക്കുന്ന അപേക്ഷകൾ ബി.എ രജിസ്റ്ററിൽ ചേർക്കാതെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പരിശോധനയ്ക്കായി നൽകുകയും എഞ്ചിനീയറിംഗ് വിഭാഗം ക്രമവത്ക്കരണത്തിനുള്ള ശിപാർശ നൽകിയ ശേഷം മാത്രം പ്രസ്തുത അപേക്ഷകൾ ബി.എ രജിസ്റ്ററിൽ ചേർക്കുന്ന തെറ്റായ രീതി സ്വീകരിച്ചിരുന്നതായി കാണുന്നു. എന്നാൽ കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷകൾ ബി.എ രജിസ്റ്ററിൽ ചേർത്തതിനുശേഷമാണ് എഞ്ചിനീയറിംഗ് വിഭാഗത്തിന് കൈമാറുന്നത്. ഇപ്രകാരമുള്ള നടപടി മൂലമാണ് ബി.എ രജിസ്റ്ററിൽ ക്രമ നമ്പരുകൾ ക്രമംതെറ്റി കാണുന്നത്. ഈ രീതിയാണ് അപേക്ഷകളുടെ അക്കൗണ്ടിംഗിലെ പോരായ്മയ്ക്ക് കാരണമായിട്ടുള്ളതും. തീർപ്പാക്കാത്ത അപേക്ഷകൾ സംബന്ധിച്ച കണക്ക് കൃത്യമായി കണ്ടെത്താൻ സാധിക്കാതിരുന്നതും നിലവിൽ എല്ലാ അപേക്ഷകളും ആദ്യം തന്നെ ബി.എ രജിസ്റ്ററിൽ ചേർക്കുന്നുണ്ടെന്നും തൻപതിവേട് ശരിയാംവിധം എഴുതി സൂക്ഷിക്കുന്നുണ്ടെന്നും വിജിലൻസ് കണ്ടെത്തിയ അപാകതകൾ ഇപ്പോൾ ആവർത്തിക്കുന്നില്ലെന്നും നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.ശ്രീ പി.കെ സുരേഷിന്റെ മൊഴിയും നഗരസഭാ സെക്രട്ടറിയുടെ റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ നിന്നും വിജിലൻസ് കണ്ടെത്തിയ അപാകതകൾ ടിയാന്റെ ഭാഗത്തു നിന്നും മന:പൂർവ്വമല്ലാതെ സംഭവിച്ച വീഴ്ചയായി കാണുന്നതായി റിപ്പോർട്ട് ചെയ്തിരുന്നു.

4. വിജിലൻസ് റിപ്പോർട്ട് കുറ്റാരോപണ മെമ്മോ/പത്രിക എന്നിവയിൽ നൽകിയ മറുപടി,നഗരകാര്യഡയറക്ടറുടെയും കോഴിക്കോട് റീജിയണൽ ജോയിന്റ് ഡയറക്ടറുടെയും റിപ്പോർട്ട്, ഇക്കാര്യത്തിലുള്ള അന്വേഷണ ഉദ്യോഗസ്ഥയുടെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ ഇക്കാര്യം വിശദമായി പരിശോധിച്ചതിൽ, നഗരസഭയിൽ കെട്ടിടനിർമ്മാണത്തിനുള്ള അപേക്ഷകൾ ശരിയായി കണക്കുകൂട്ടൽ വരുത്തിയും ശരിയായ രീതിയിൽ കൈകാര്യം ചെയ്യും സൂക്ഷിക്കുന്നില്ല എന്ന ആരോപണം മാത്രമാണ് സീനിയർ ക്ലാർക്കായ ശ്രീ. സുരേഷിനെതിരെയുള്ളത്. കൈകാര്യം ചെയ്യേണ്ട ഫയലുകളുടെ ബാഹുല്യം കാരണം തൻപതിവേട് എഴുതി സൂക്ഷിക്കുന്നതിൽവന്ന കാലതാമസമാണ് ആയതിന് കാരണമായി കണ്ടെത്തിയിട്ടുള്ളത്. കെട്ടിടനിർമ്മാണ അപേക്ഷകളിൽ യഥാസമയം നടപടി സ്വീകരിക്കുന്നതിൽ കാലതാമസം വന്നതായോ മറ്റ്ക്രമക്കേടുകളോ വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയിരുന്നില്ല. നഗരകാര്യ ഡയറക്ടറുടെയും അന്വേഷണ ഉദ്യോഗസ്ഥയുടേയും കണ്ടെത്തലുകൾ പ്രകാരം കാഞ്ഞങ്ങാട് നഗരസഭയിൽ സീനിയർ ക്ലാർക്കായ ശ്രീ. സുരേഷിന്റെ ഭാഗത്ത് നിന്ന് ആരോപണവിഷയത്തിൽ മന:പൂർവ്വമല്ലാതെയുള്ള വീഴ്ചയാണ് ഉണ്ടായിട്ടുള്ളതെന്ന് കാണുന്നു.

5. മേൽ സാഹചര്യത്തിൽ കാഞ്ഞങ്ങാട് നഗരസഭയിൽ സീനിയർ ക്ലാർക്കായ ശ്രീ. സുരേഷിനെതിരായി വിജിലൻസ് പരിശോധനയുടെ അടിസ്ഥാനത്തിൽ ആരംഭിച്ച അച്ചടക്ക നടപടി ടിയാന് 'താക്കീത്' നൽകി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡിഷണൽ സെക്രട്ടറി**

വകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ശ്രീ. സുരേഷ്, സീനിയർ ക്ലാർക്ക്, കാഞ്ഞങ്ങാട് നഗരസഭ
(നഗരകാര്യഡയറക്ടർ മുഖേന)

വിജിലൻസ് വകുപ്പ്
(27.11.2019 തീയതിയിലെ VIG-D1/770/2019-VIGനമ്പർ കുറിപ്പ് പ്രകാരം)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ